**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5587** **08-07-2024 - ൽ മറുപടിയ്ക്ക്**

**കേരള നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരള ഡെവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ന്റെ ഭാഗമായ കേരള നോളജ് ഇക്കോണമി മിഷൻ (KKEM), കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി വികസിപ്പിക്കുക എന്ന വിശാലമായ ലക്ഷ്യം പരിഗണിച്ച് കൊണ്ട് സൃഷ്ടിക്കപ്പെട്ട സ്ഥാപനം ആണ്. ഇതിന്റെ ഭാഗമായി വിഭാവനം ചെയ്ത വിവിധ മാർഗങ്ങളിൽ ഒന്ന് അഭ്യസ്തവിദ്യരായ സംസ്ഥാനത്തെ തൊഴിലന്വേഷകർക്കായി 20 ലക്ഷം തൊഴിലുകൾ ലഭ്യമാക്കുക എന്നതാണ്. കേരളത്തിലെ തൊഴിലന്വേഷകർക്കായി വിജ്ഞാനാധിഷ്ഠിതമായതും സ്ഥിരമോ, താല്ക്കാലികമോ, ഫ്രീലാൻസ് മാതൃകയിലുള്ളതോ ആയ തൊഴിലുകൾ ലഭ്യമാക്കുന്നതിലൂടെ തൊഴിലന്വേഷകർക്ക സംസ്ഥാനത്തിന് അകത്തും പുറത്തും രാജ്യാന്തരതലത്തിലും അനുയോജ്യമായ തൊഴിലും ജീവിതാന്തരീക്ഷവും സൃഷ്ടിക്കുവാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണ് കേരള നോളജ് ഇക്കോണമി മിഷൻ. ഇതിനായി ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മന്റ് സിസ്റ്റം (DWMS)എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകനും തൊഴിൽദായകനും തമ്മിൽ നേരിട്ടുള്ള ഇടപെടലിനുള്ള സംവിധാനമാണ് ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം വഴി ഒരുക്കിയിട്ടുള്ളത്. തൊഴിൽ അന്വേഷകരെ കണ്ടെത്തി അവരുടെ യോഗ്യത, പ്രവൃത്തി പരിചയം, തൊഴിൽ നൈപുണ്യങ്ങൾ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ അവരെ DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിക്കുകയാണ് ആദ്യ പടി. തുടർന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകർക്ക അനുയോജ്യമായ തൊഴിലുകൾ വിവിധ ഏജൻസികൾ വഴി ലഭ്യമാക്കി ഇതേ പ്ലാറ്റ്ഫോമിൽ എത്തിക്കുന്നു. തൊഴിൽ അന്വേഷകരെ, ലഭ്യമായ |

| | | | |
|---|---|---|---|
| | | | തൊഴിലുകൾ ആവശ്യപ്പെടുന്ന ആവശ്യകതകളിലേക്കും നൈപുണ്യ നിലവാരത്തിലേക്കും എത്തിക്കുന്നതിന് സഹായിക്കുന്ന നൈപുണ്യപരിശീലനം, ഇന്റർവ്യൂ പരിശീലനം, കൗൺസലിംഗ്, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവയും ഈ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കുന്നുണ്ട്. |
| (ബി) | അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും മറ്റുള്ള തൊഴിലന്വേഷകർക്കും ഏത് രീതിയിലാണ് നോളജ് ഇക്കോണമി മിഷൻ പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ; | (ബി) | കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII), ഐസിടി അക്കാദമി ഓഫ് കേരള, മറ്റ് സ്വകാര്യ ജോബ് അഗ്രഗേഷൻ ഏജൻസികൾ എന്നിവരുമായി കെ-ഡിസ്കിന്റെ നേതൃത്വത്തിൽ കരാറുകളിലേർപ്പെടുകയും ഇവരിലൂടെ ലഭിക്കുന്ന തൊഴിലുകൾ യഥാസമയം തൊഴിൽ അന്വേഷകർക്കു ലഭ്യമാക്കുകയുമാണ് നടപടിക്രമം. DWMS പ്ലാറ്റ്ഫോമിൽ ഇതിനോടകം 6317 തൊഴിൽ ദാതാക്കളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിലൂടെ ഇതിനകം 11,58,393 തൊഴിലവസരങ്ങൾ ആണ് പ്ലാറ്റ്ഫോമിൽ ഒരുക്കാൻ കഴിഞ്ഞിട്ടുള്ളത്. കുടുംബശ്രീയുടെ സഹായത്തോടെ വീട് വീടാന്തരം നടത്തിയ ക്യാമ്പെയിനിലൂടെ 81 ലക്ഷം വീടുകൾ സന്ദർശിക്കുകയും 'ജാലകം' എന്ന സോഫ്റ്റ് വെയറിലൂടെ 53 ലക്ഷം തൊഴിലന്വേഷകരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തൊഴിൽദായകരെയും തൊഴിലന്വേഷകരെയും ബന്ധിപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റം (DWMS) എന്ന ഈ പ്ലാറ്റ്ഫോമിൽ തൊഴിൽ അന്വേഷകർക്കു അവരുടെ തൊഴിൽ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനും അതുവഴി തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത വർധിപ്പിക്കുന്നതിനും ഉതകുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലനം, പേഴ്സണാലിറ്റി ഡെവലപ്മെൻറ് പരിശീലനം, ഇൻറർവ്യൂ പരിശീലനം, വർക്ക് റെഡിനസ് പരിശീലനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമികമായി, തൊഴിൽ ദാതാക്കളായ സംരംഭങ്ങൾ ജോബ് അഗ്രിഗേറ്റർ ഏജൻസികൾ എന്നിവയുടെ ഒഴിവുകൾ സംബന്ധിച്ച ക്രമാനുഗതമായ വിവരങ്ങൾ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ അന്വേഷകർക്കു ലഭ്യമാക്കുകയും അത് വഴി അന്വേഷകനെയും തൊഴിൽ ദാതാവിനെയും പരസ്പരം ബന്ധിപ്പിക്കുവാനുള്ള ഒരു വേദിയായി പ്രവർത്തിക്കുകയും ചെയ്യുന്നതിന് ഉപരിയായി വൈവിധ്യമാർന്ന സൗകര്യങ്ങൾ ഈ പ്ലാറ്റ്ഫോം പ്രദാനം ചെയ്യുന്നുണ്ട് .<br><br>1. <u>നൈപുണ്യ പരിശീലനം ഇന്റേൺഷിപ്പ്/ അപ്രന്റിസ്ഷിപ്പ്</u> |

DWMS പ്ലാറ്റ്ഫോമിലൂടെ തൊഴിലന്വേഷകന് നൈപുണ്യ പരിശീലന സഹായങ്ങളും, ഇന്റേൺഷിപ്പ് സപ്പോർട്ടും, അപ്രന്റിസ്ഷിപ്പ് സഹായവും ലഭിക്കും. വിവിധ നൈപുണ്യ പരിശീലന ഏജൻസികൾ വഴി ലഭ്യമാക്കുന്ന സ്കിൽ ട്രെയിനിങ്ങിനു പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ, മൽസ്യമേഖലയിൽ നിന്നുള്ള അപേക്ഷകർ, ട്രാൻസ്ജെൻഡർ വിഭാഗം, ബി പി എൽ വിഭാഗം വനിതകൾ, മാതാപിതാക്കളിൽ ഒരാൾ മാത്രമുള്ള പെൺകുട്ടികൾ തുടങ്ങിയവർക്കു ഫീസ് ഇളവുകളും സർക്കാർ നൽകുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് ഇന്റേൺഷിപ്പിനും അപ്രെന്റിസ്ഷിപ്പിനും സൗകര്യങ്ങളും DWMS പോർട്ടലിൽ സജ്ജീകരിച്ചിട്ടുണ്ട്.

2) <u>കരിയർ സപ്പോർട്ട് പരിപാടികൾ</u>

പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽ അന്വേഷകന് അഭിരുചിക്കനുസരിച്ച് തൊഴിലിലേക്കു എത്തുന്നതിനു സഹായകമായ വിവിധ കരിയർ സഹായ പരിപാടികൾ കൂടി DWMS പ്ലാറ്റ്ഫോമിൽ ഒരുക്കിയിട്ടുണ്ട് .

3) <u>റോബോട്ടിക് ഇന്റർവ്യൂ</u>

തൊഴിൽ അന്വേഷകരുടെ ഇന്റർവ്യൂ നൈപുണ്യം വികസിപ്പിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള നിർമിത ബുദ്ധി അടിസ്ഥാനമായ ഒരു റോബോട്ടിക് സംവിധാനം ആണ് ഇത്. DWMS-ലെ റോബോട്ടിക് ഇന്റർവ്യൂ തൊഴിലന്വേഷകരുടെ ഒരു വീഡിയോ പ്രൊഫൈൽ തയാറാക്കുന്നതിനും അത് വഴി തൊഴിൽ ദാതാവിനു അപേക്ഷകരെ പറ്റിയുള്ള മികച്ച ധാരണ സൃഷ്ടിക്കുന്നതിനും സഹായകമാണ്.

4 ) <u>കരിയർ കൗൺസലിംഗ്</u>

സൈക്കോമെട്രിക് ടെസ്റ്റ് അടിസ്ഥാനമാക്കിയുള്ള അപേക്ഷകന്റെ സ്വതസിദ്ധമായ കഴിവ് മേഖലകൾ, അനുയോജ്യമായ തൊഴിലുകൾ എന്നിവ സംബന്ധിച്ച സ്വയം ധാരണകൾ സൃഷ്ടിക്കുന്നതിന് സഹായിക്കുകയും അത് വഴി ഓരോ തൊഴിലന്വേഷകനും ഏറ്റവും അഭിരുചിയും വ്യുത്പത്തിയുമുള്ള തൊഴിലുകളിൽ എത്തുന്നു എന്ന് ഉറപ്പു വരുത്താനും കരിയർ കൗൺസലിംഗ് സഹായിക്കുന്നു. DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർക്ക് കരിയർ അസ്സെസ്സ്മെന്റ്, കരിയർ കൗൺസലിംഗ് എന്നിവക്കായി ഒരു ഡിജിറ്റൽ സംവിധാനവും ആവശ്യമെങ്കിൽ ഒരു

കരിയർ കൗൺസിലറുടെ സഹായവും ലഭ്യമാക്കി വരുന്നു.

5 ) ഇംഗ്ലീഷ് സ്കോർ ടെസ്റ്റ്

അപേക്ഷകന്റെ ഇംഗ്ലീഷ് ഭാഷ വ്യുല്പത്തി സംബന്ധിച്ച ഒരു പരിശോധനയും കോമൺ യൂറോപ്യൻ ഫ്രെയിം വർക്ക് അധിഷ്ഠിതമായ ഒരു സർട്ടിഫിക്കറ്റും ലഭിക്കുന്ന ഡിജിറ്റൽ സംവിധാനം ആണ് ഇംഗ്ലീഷ് സ്കോർ ടെസ്റ്റ്. ബ്രിട്ടീഷ് കൗൺസിലിന്റെ സഹായത്തോടെ സജ്ജീകരിച്ചിട്ടുള്ള ഈ സൗകര്യം ഇംഗ്ലീഷ് ഭാഷ നൈപുണ്യം ആവശ്യപ്പെടുന്ന തൊഴിലുകൾക്കു ഗുണകരമാണ്. ഈ സൗകര്യവും സൗജന്യമായാണ് തൊഴിലന്വേഷകർക്കു ലഭിക്കുന്നത് .

6) പേഴ്സണാലിറ്റി ഡെവലപ് മെന്റ് പരിശീലനം

തൊഴിലന്വേഷകരുടെ തൊഴിലിടത്തിലെ ആശയ വിനിമയം, കൂട്ടായ്മ രൂപപ്പെടുത്തൽ, വ്യക്തിത്വ വികസനം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ കൂടുതൽ വിജയകരമാക്കുവാൻ സഹായകമായ പരിശീലനമാണ് ഇത്. 16 മണിക്കൂർ ദൈർഘ്യമുള്ള ഈ പരിശീലനം തൊഴിലന്വേഷകന് സൗകര്യപ്രദമായ സമയത്തു ഓൺലൈൻ ആയും ചെയ്യാവുന്നതാണ് .

7) വർക്ക് റെഡിനെസ് പ്രോഗ്രാം

DWMS പ്ലാറ്റ്ഫോം തൊഴിലന്വേഷണത്തിന്റെ അവസാന ഘട്ടത്തിലെത്തുന്ന തൊഴിൽ അന്വേഷകർക്കു തൊഴിൽ പ്രവേശനത്തിന് മുൻപായി ഒരു തയ്യാറെടുപ്പിനു സഹായിക്കുന്ന വർക്ക് റെഡിനെസ് പ്രോഗ്രാം കൂടി ഓഫർ ചെയ്യുന്നുണ്ട് . മോക്ക് ഇന്റർവ്യൂ, കോൺഫിഡൻസ് വർധനവിനുള്ള മൊഡ്യൂൾ, ആശയ വിനിമയ ശേഷി വർധിപ്പിക്കുന്നതിനുള്ള പരിശീലനം എന്നിവയടങ്ങുന്ന ഓൺലൈൻ-ഓഫ് ലൈൻ പരിശീലനമാണ് ഇത്. വർക്ക് റെഡിനെസ് പ്രോഗ്രാമും സൗജന്യമാണ്.

വലിയ തോതിൽ ഒഴിവുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തൊഴിൽ ദാതാക്കളായ കമ്പനികളെ ഒന്നൊന്നായി ബന്ധപ്പെടുന്നതിലുപരിയായി വിവിധ കമ്പനികളുടെ ഒഴിവുകൾ ഒന്നിച്ചു കൊണ്ട് വരാൻ കഴിയുന്ന ജോബ് അഗ്രിഗേറ്റർ (Job Aggregator) സ്ഥാപനങ്ങളായ Linked IN, Team Lease, Q-Jobs, 2-Com തുടങ്ങിയ അന്താരാഷ്ട്ര തലത്തിലുള്ള ജോബ് അഗ്രിഗേറ്റർ പ്ലാറ്റ്ഫോമുകളുമായി DWMS-നെ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. അതുവഴി കേരളത്തിലെ തൊഴിൽ അന്വേഷകർക്കു DWMS പ്ലാറ്റ്ഫോം വഴി ലഭ്യമാകുന്ന തൊഴിലുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>പഠന-പരിശീലന പ്രക്രിയകൾ പൂർത്തിയായ ശേഷം തൊഴിൽ തേടുക എന്ന സാധാരണ രീതിക്കുപരിയായി റിക്രൂട്ട്-ട്രെയിൻ & ഡിപ്ലോയ് അഥവാ R-T-D മാതൃക കൂടുതലായി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ മാതൃകയിൽ തൊഴിൽ ദാതാവിന്റെ സഹായത്തോടെ പ്രാഥമിക തെരഞ്ഞെടുപ്പ് പൂർത്തിയാക്കി, തൊഴിൽ ഉറപ്പാക്കിയ ശേഷം ആവശ്യമായ പരിശീലനം നൽകുന്നത് തൊഴിൽ ലഭ്യത സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കും .<br><br>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ചുവടു പിടിച്ചു പഠന കാലത്തു തന്നെ തൊഴിലിലേക്കു നയിക്കുന്ന നൈപുണ്യ പരിശീലനം R T D മാതൃകയിൽ ലഭ്യമാക്കാനുള്ള പരിപാടികളും കെ-ഡിസ്കി ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. കോഴ്സിനോടൊപ്പം തന്നെ തൊഴിലിനു ആവശ്യമായ പരിശീലനം നൽകുന്ന കോഴ്സ് ഇന്റഗ്രേറ്റഡ് RTD എന്ന ഈ മാതൃക സാങ്കേതിക സർവ്വകലാശാലയിൽ ഈ വർഷം തന്നെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. ആർട്സ് & സയൻസ് കോളേജുകളിൽ നാലു വർഷ ഡിഗ്രി കോഴ്സുകൾ നിലവിൽ വരുന്ന ഘട്ടത്തിൽ മറ്റു സർവകലാശാലകളിലും RTD മാതൃകയെ Degree / PG കോഴ്സുകളുമായി സംയോജിപ്പിക്കുവാനും പഠനം പൂർത്തിയായ ഉടൻ തന്നെ തൊഴിലിലേക്കു പ്രവേശിക്കുവാനും കഴിയുന്ന തരത്തിൽ വിദ്യാർഥികളെ തയ്യാറെടുപ്പിക്കുവാൻ ആണ് കെ-ഡിസ്ക് വിഭാവനം ചെയ്യുന്നത്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോളജ് ഇക്കോണമി മിഷൻ മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നോളജ് ഇക്കോണമി മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ പ്രധാനമായും താഴെ പറയുന്നവ ആണ്.<br><br><u>1.എന്റെ തൊഴിൽ എന്റെ അഭിമാനം ക്യാമ്പയിനും വാർഡുതല വിവരശേഖരണവും</u><br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുമായി ചേർന്ന് നടത്തുന്ന എന്റെ തൊഴിൽ എന്റെ അഭിമാനം ക്യാമ്പയിനും വാർഡുതല വിവരശേഖരണവും ആണിത്. ഈ പ്രവർത്തനം വഴി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ തൊഴിൽ അന്വേഷകരുടെ രജിസ്ട്രേഷൻ വലിയ തോതിൽ വർധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

2. <u>തൊഴിൽ സഭകൾ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന തൊഴിൽ സഭകൾ തൊഴിലന്വേഷകരുടെ വിവര ശേഖരണം, കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച അവബോധസൃഷ്ടി, വിദ്യാഭ്യാസ യോഗ്യത അനുസൃതമാക്കി തൊഴിൽ ക്ലബ്ബുകളുടെ രൂപീകരണം എന്നിവ ലക്ഷ്യമിട്ടുള്ള പ്രവർത്തനം ആണ് .

3. <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കേരള നോളജ് ഇക്കോണമി മിഷൻ പദ്ധതികൾ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കേരള നോളജ് ഇക്കോണമി മിഷൻ പദ്ധതികൾ ഉൾപ്പെടുത്തുവാനായി 31.10.2023 ലെ സ.ഉ(സാധാ) നം.2128/2023/LSGD പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 53 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനകം ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചു. 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൈപുണ്യവികസന പരിശീലനങ്ങൾക്കായി ഫണ്ട് വകയിരുത്തി. 40 തൊഴിൽ മേളകൾ 2023-24 കാലയളവിൽ തദ്ദേസ്വയംശഭരണ സ്ഥാപനങ്ങളും കേരള നോളജ് ഇക്കോണമി മിഷനും ചേർന്ന് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചു.

4. <u>കരിയർ ക്ലിനിക്കും തൊഴിൽ മേളകളും</u>.

തൊഴിലന്വേഷകർക്ക് അവരുടെ താല്പര്യത്തിനും അഭിരുചിക്കും യോഗ്യതക്കും അനുസരിച്ചുള്ള തൊഴിൽ കരിയർ ക്ലിനിക്കുകളും തൊഴിൽ മേളകളും ലഭ്യമാക്കാൻ കരിയർ ക്ലിനിക്കും തൊഴിൽ മേളകളും സംഘടിപ്പിച്ച വരുന്നു.

5. <u>എന്റെ തൊഴിൽ എന്റെ അഭിമാനം 2.0</u>

എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആണ് നടപ്പിലാക്കി വരുന്നത്. ഇതിൽ 355 ഗ്രാമപഞ്ചായത്തുകൾ, 42 മുൻസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവ ഇതിനകം ഉൾപ്പെട്ടിട്ടുണ്ട്. 4.8 ലക്ഷം തൊഴിലന്വേഷകർ എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 പദ്ധതിയിലുൾപ്പെടുന്നു.

6. പ്രത്യേക തൊഴിൽ പദ്ധതികൾ

പ്രത്യേക തൊഴിൽ പദ്ധതികൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ ഘട്ടത്തിൽ വർക്കല, തളിപ്പറമ്പ്, കളമശ്ശേരി എന്നീ നിയോജക മണ്ഡലങ്ങളിൽ തൊഴിലന്വേഷകർക്ക് DWMS സേവനങ്ങൾ നൽകി തൊഴിൽ മേളകളിലൂടെ തൊഴിലിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങൾ നടന്ന് വരുന്നു. തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ എല്ലാ തദ്ദേസ്വയംശഭരണ സ്ഥാപനങ്ങളിലും ജോബ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

7. "വിജ്ഞാന പത്തനംതിട്ട ഉറപ്പാണ് തൊഴിൽ"

തിരുവല്ലയിൽ നടന്ന മൈഗ്രേഷൻ കോൺക്ലേവ് 2024- ന്റെ തുടർച്ചയായി പത്തനംതിട്ടയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കേരള നോളജ് ഇക്കോണമി മിഷൻ ജില്ലയിൽ DWMSൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ പേർക്കും തൊഴിൽ നൽകുന്നതിനായി "വിജ്ഞാന പത്തനംതിട്ട ഉറപ്പാണ് തൊഴിൽ" എന്ന ഒരു പദ്ധതിക്കു രൂപം നൽകി. പത്തനംതിട്ടയിലെ എല്ലാ തദ്ദേസ്വയംശഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ജില്ലയിൽ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരെ തൊഴിലിലേക്കെത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജോബ് സ്റ്റേഷനുകൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.

8. സിഡിഎസ്-തല പ്രവർത്തനവും ഏകോപനവും

തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കുടുംബശ്രീയുടെയും സഹകരണത്തോടെ 1070 സി ഡി എസ്സുകളിലായി 1070 കമ്മ്യൂണിറ്റി അംബാസിഡർമാരെ നിയമിച്ചിട്ടുണ്ട്. കേരള നോളജ് ഇക്കോണമി മിഷന്റെ മൊബിലൈസേഷൻ, രജിസ്ട്രേഷൻ, മറ്റ് ഫീൽഡ് പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

9. തൊഴിൽ മേളകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളുടെ നേതൃത്വത്തിൽ അവരുടെ ഫണ്ട് ഉപയോഗിച്ച് KKEM സഹകരണത്തോടെ തൊഴിൽ മേളകൾ സംഘടിപ്പിച്ചു വരുന്നു.

10 . വർക്ക് നിയർ ഹോം കേന്ദ്രങ്ങൾ

| | | | |
|---|---|---|---|
| | | | വിജ്ഞാന തൊഴിലുകളിൽ ലോകമെമ്പാടും ജോലി ചെയ്യുന്ന കേരളീയർക്ക് അവരുടെ സ്ഥലങ്ങളിൽ പ്രാദേശികമായി ഒരുക്കുന്ന ലോക നിലവാരത്തിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് കൊണ്ട് വീടിനടുത്ത് തന്നെ ജോലി ചെയ്യാൻ സഹായിക്കുന്ന പദ്ധതിയാണ് വർക്ക് നിയർ ഹോം. കേരള നോളജ് ഇക്കണോമി മിഷൻ, കിഫ്ബി സഹായത്തോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള ഈ പദ്ധതിയുടെ പൈലറ്റ് ഘട്ടം പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ